<u>പതിനാലാം കേരള നിയമസഭ</u>

<u>പതിനാറാം സമ്മേളനം</u>

<u>നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം :4237</u> <u>12.11.2019 ൽ മറുപടിക്ക്</u>

# **കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ സഞ്ചിത നഷ്ടം**

<u>ചോദ്യം</u>

ശ്രീ.സണ്ണി ജോസഫ്

<u>ഉത്തരം</u>

ശ്രീ.എം.എം.മണി

(വൈദ്യുതി വകുപ്പ് മന്ത്രി)

| | |
|---|---|
| (എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഇതുവരെയുള്ള സഞ്ചിത നഷ്ടം എത്രയാണെന്നാണ് വൈദ്യുതി റഗുലേറ്ററി ബോർഡ് കണ്ടെത്തിയിട്ടുള്ളത്; | (എ) വൈദ്യുതി നിയമം - 2003, കേന്ദ്രഗവൺമെന്റ് പുറപ്പെടുവിച്ചിട്ടുള്ള ദേശീയ വൈദ്യുതി നയം - 2006, സംസ്ഥാന വൈദ്യുതി റെഗുലേറ്ററി കമ്മീഷൻ പുറപ്പെടുവിച്ചിട്ടുള്ള താരിഫ് നിർണ്ണയ ചട്ടങ്ങൾ, ബഹുമാനപ്പെട്ട അപ്പലേറ്റ് ട്രിബ്യൂണൽ ഫോർ ഇലക്ട്രിസിറ്റി പുറപ്പെടുവിച്ചിട്ടുള്ള വിധിന്യായങ്ങൾ എന്നിവയെ അടിസ്ഥാനപ്പെടുത്തി കെ.എസ്.ഇ.-ബോർഡ് ലിമിറ്റഡ്, അതിന്റെ പ്രതീക്ഷിത വരവ് ചെലവ് കണക്കുകൾ, കമ്മീഷൻ മുമ്പാകെ ഓരോ സാമ്പത്തിക വർഷത്തിലും അംഗീകാരത്തിനായി സമർപ്പിക്കാറുണ്ട് ഇതിനുപുറമെ ഇവ (വരവും ചെലവും) തമ്മിലുള്ള അന്തരം, താരിഫ് പരിഷ്കരണത്തിലൂടെ നികത്തിതരണമെന്ന് ആവശ്യപ്പെട്ടുകൊണ്ടുള്ള താരിഫ് പെറ്റീഷനും സമർപ്പിക്കാറുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ കമ്മീഷൻ നിജപ്പെടുത്തുന്ന കമ്മി (gap) മുഴുവനായും താരിഫ് പരിഷ്കരണത്തിലൂടെ അനുവദിച്ചു തരുന്നില്ല. ഇവ പിൽക്കാലത്തേക്ക് മാറ്റി വയ്ക്കപ്പെടുന്നു. സംസ്ഥാനത്തെ ഉപഭോക്താക്കൾക്ക് വർദ്ധനവ് മൂലമുണ്ടാകുന്ന താരിഫ് ഷോക്ക് ഒഴിവാക്കുന്നതിനു വേണ്ടിയാണ് ഇപ്രകാരം ചെയ്യുന്നത്.<br>കമ്മീഷൻ പുറപ്പെടുവിച്ച 08.07.2019-ലെ ARR & ERC ഉത്തരവുപ്രകാരം, 2018-19-ലെ തുടക്കത്തിൽ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെ, സഞ്ചിത റവന്യൂ കമ്മി 5693.25 കോടി രൂപയാണ്. ഇത്, സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ, ട്രൂ അപ്പ് (True-up) ചെയ്ത് പുറപ്പെടുവിച്ചിട്ടുള്ള (2016-17 സാമ്പത്തിക വർഷം വരെയുള്ള) കെ.എസ്.ഇ.ബോർഡ് ലിമിറ്റഡിന്റെ വരവ് ചെലവ് കണക്കുകൾ പ്രകാരമാണ്. 2014-15 സാമ്പത്തിക വർഷത്തെ കമ്മി, റെഗുലേറ്ററി കമ്മീഷന്റെ ഉത്തരവ് ലഭ്യമാകാത്തതിനാൽ ഉൾപ്പെടുത്തിയിട്ടില്ല. |
| (ബി) സഞ്ചിത നഷ്ടം കുറച്ചുകൊണ്ടുവരുവാൻ എന്തൊക്കെ നടപടികളാണ് ബോർഡ് സ്വീകരിച്ചിട്ടുള്ളത്; അത് വിജയപ്രദമാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കാമോ? | (ബി) 2016-ലെ ദേശീയ വൈദ്യുതി നയത്തിൽ, മുൻകാലങ്ങളിൽ നിജപ്പെടുത്തിയതും, പിൽക്കാലത്തേയ്ക്ക് മാറ്റിവയ്ക്കപ്പെട്ടതുമായ കമ്മി (Regulatory Asset) 7 വർഷം കൊണ്ട് നികത്തുന്നതിനുള്ള നടപടി സ്വീകരിക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതിൻപ്രകാരം 31.10.2018-ൽ കമ്മീഷൻ മുമ്പാകെ കെ.എസ്.ഇ.ബോർഡ് ലിമിറ്റഡ് 2018-22 |

| | |
|---|---|
| | വർഷത്തേയ്ക്ക് സമർപ്പിച്ച ARR & ERC പെറ്റീഷനിൽ അടുത്ത 7 വർഷത്തേയ്ക്ക് 806.47 കോടി രൂപ വച്ച് സഞ്ചിത കമ്മിയിൽ കുറവ് വരുത്തണമെന്ന് (amortise) ആവശ്യപ്പെട്ടുകയുണ്ടായി. ഇതിൻപ്രകാരം 2018-19,2019-20,2020-21,2021-22 എന്നീ സാമ്പത്തിക വർഷങ്ങളിലായി യഥാക്രമം 400 കോടി, 1000 കോടി, 850 കോടി രൂപ വീതം ഋണമോചനം (Amortise) ചെയ്യാൻ 08.07.2019-ലെ ARR & ERC ഉത്തരവിലൂടെ കമ്മീഷൻ അനുവദിച്ചിട്ടുണ്ട്. ഇത് വസൂലാക്കാനുള്ള (അതാത് വർഷങ്ങളിൽ) നടപടികൾ സ്വീകരിച്ച് നികത്തപ്പെടാത്ത സഞ്ചിത റവന്യൂ കമ്മി ഘട്ടം ഘട്ടമായി കുറയ്ക്കുന്നതായിരിക്കും |

സെക്ഷൻ ഓഫീസർ